# ബുദ്ധിമാനായ ഹുദ്ഹുദ്

**അബൂയാസീൻ**

**ഈ** വിഷയത്തെക്കുറിച്ച് പറയുമ്പോൾ ഒരു ഗുരുവും ശിക്ഷ്യനും മുമ്പ് നടന്ന ഒരു സംഭാഷണം ഉദ്ധരിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഗുരു പള്ളിയിലിരുന്ന് മതപ്രസംഗം നടത്തിക്കൊണ്ടിരിക്കുമ്പോൾ സുലൈമാൻ നബിയുടെ കഥ പറഞ്ഞുകൊണ്ടിരിക്കുന്നതിനിടെ ഹുദ്ഹുദിന്റെ കഥയിലേക്ക് എത്തി. ഹുദ്ഹുദ് വൈകിയതും അതിന് സുലൈമാൻനബി ഭീഷണിപ്പെടുത്തിയതുമെല്ലാം ഗുരു വിശദീകരിച്ചു. അതു കേട്ടുകൊണ്ടിരുന്ന ശിഷ്യൻ ഒരു സംശയം ചോദിക്കാനുണ്ടെന്നു പറഞ്ഞു.

ഗുരു : കുട്ടി, വരൂ നീ എന്താണ് ഉദ്ദേശിക്കുന്നത്?

ശിഷ്യൻ : ഉസ്താദേ ഹുദ് ഹുദ് മനുഷ്യനല്ല എന്നും മറ്റൊരു ജീവിയാണെന്നും തെളിയിക്കാവുന്ന വല്ല തെളിവും ഖുർആനിലുണ്ടോ?

ഗുരു : ഉണ്ട് .സുലൈമാൻ നബിയുടെ നാവിലൂടെ അല്ലാഹു പറയുന്ന "വ തഫഖ്ഖദ ത്വൈറ മാലീ അറൽഹുദ്ഹുദ്" ഇതിൽ നിന്നും ഹുദ്ഹുദ് പക്ഷിയാണെന്നു വ്യക്തമാണല്ലോ? അത് മനുഷ്യ വിഭാഗത്തിൽ പെട്ടതോ ? പക്ഷിയോ?

ശിഷ്യൻ : ഉസ്താദേ, താങ്കളുടെ മറുപടിയിൽ നിന്നും അത്ത്വൈറ് എന്ന പദമാണ് ഹുദ്ഹുദ് പക്ഷികളിൽ പെട്ടതാണെന്നും മനുഷ്യരിൽ പെട്ടതല്ല എന്നുള്ളതിനും തെളിവായി പറഞ്ഞത് എന്നു ഞാൻ മനസ്സിലാക്കുന്നു.

ഗുരു : എന്റെ മറുപടിയിൽ നിന്നും അതു വ്യക്തമാണ് ആവർത്തിക്കേണ്ട ആവശ്യമില്ല.

ശിക്ഷ്യൻ :ഹുദ് ഹുദ് മനുഷ്യനല്ല പക്ഷിയാണെന്നു തെളിയിക്കാവുന്ന വല്ല സാഹചര്യവുമുണ്ടോ?

ഗുരു : ചോദ്യം ആവർത്തിക്കുന്നതിലൂടെ നീ എന്താണ് ഉദ്ദേശിക്കുന്നത്?

ശിഷ്യൻ : ഈ കഥയിൽ ഹുദ്ഹുദ് ആരാണെന്നു വ്യക്തമാക്കുന്ന സാഹചര്യങ്ങൾ ഇല്ലേ? ഹുദ്ഹുദിനെക്കുറിച്ച് താങ്കൾ വിവരിച്ച പോലെ മനസ്സിലാക്കിയാൽ തന്നെ സത്യവും അസത്യവും വേർതിരിച്ച് മനസ്സിലാക്കാൻ കഴിയുന്ന ബുദ്ധിയുള്ള സൃഷ്ടിയാണെന്നു മനസ്സിലാകുന്നില്ലേ?

ഗുരു : കഥയിൽ ഒരു രാജ്ഞിയും അവളുടെ ജനതയും അല്ലാഹുവിനെ വിട്ട് സൂര്യനെ വണങ്ങുന്നതും ആ പ്രവർത്തിയിലെ സത്യവും മിഥ്യയും ഹുദ്ഹുദ് വിവരിക്കുന്നുണ്ട്.

ശിഷ്യൻ : ഉസ്താദേ ആ തെളിവു തന്നെ മതിയാകില്ലേ ഹുദ്ഹുദ് ഒരു പക്ഷിയല്ല എന്നതിനുള്ള തെളിവായിട്ട്?

ഗുരു : ഹുദ്ഹുദ് പക്ഷി തന്നെയാണെന്നു ആയത്തിൽ നിന്നും വ്യക്തമാണ്. പിന്നെ ഹുദ്ഹുദ് ശിർക്കിനെക്കുറിച്ചും രാജ്ഞിയെക്കുറിച്ചും അവളുടെ ജനതയെക്കുറിച്ചും പറഞ്ഞതെല്ലാം സുലൈമാൻ നബിയുടെ മുഅജിസത്ത്(അമാനുഷിക കഴിവ്) ആണ്.

ശിഷ്യൻ ;ത്വൈറ് എന്ന പദത്തിന്റെ തെളിവു മാത്രമെ താങ്കൾ പറയുന്നുള്ളൂ. ഇവിടെ ബുദ്ധിയും വിവേകവും ഹുദ്ഹുദിനുണ്ടെന്ന് മനസ്സിലാകുന്നു. ബുദ്ധിയും വിവേകവും മനുഷ്യനല്ലാതെ ഉണ്ടാവുകയില്ല എന്നു നമുക്ക് അറിയാമല്ലോ? ഇതിൽ നിന്നും ത്വൈറ് സുലൈമാൻ നബിയുടെ സൈനികരിലെ ഒരു വിഭാഗത്തിന്റെ വിശേഷണമാണെന്നു വ്യക്തമല്ലേ? ഈ പക്ഷികളിൽ പെട്ട ഓരോ പക്ഷിയും ഓരോ സ്ഥാനപ്പേര് സ്വീകരിച്ചതായിക്കൂടെ? ഈ കഥയിലെ ഹുദ്ഹുദ് എന്നപോലെ? പിന്നെ താങ്കൾ പറഞ്ഞ സുലൈമാൻ നബിയുടെ മുഅജിസതാണെന്നു പറഞ്ഞത്. അത് താങ്കൾ പറയുന്നതുപോലെ മുഅജിസത്തുണ്ടെന്നു സമ്മതിച്ചാൽ തന്നെ ഇവിടെ അതിനുള്ള സാഹചര്യമില്ല. അതിന് വെല്ലുവിളിയും നിഷേധവുമെല്ലാം വരികയും അതു സ്ഥാപിക്കേണ്ടതായ ആവശ്യവുമൊക്കെ വേണം. ഇവിടെ ഹുദ്ഹുദിന്റെ കഥയിൽ ഭിന്നതയുടെ പ്രശ്നമില്ലാത്തതുകൊണ്ടു തന്നെ സ്ഥാപിക്കേണ്ട ആവശ്യവും ഇല്ല.

ഗുരു : പഴയകാല വ്യാഖ്യാതാക്കൾ അങ്ങനെയാണ് പറഞ്ഞിട്ടുള്ളത്. ത്വൈറ് എന്ന പദവും ഹുദ്ഹുദ് എന്ന പദവും ഉപയോഗിച്ചതിൽ നിന്നു തന്നെ ഹുദ്ഹുദ് പക്ഷിയാണെന്നും മനുഷ്യനല്ല എന്നും വ്യക്തമാണ് നിനക്കു മനസ്സിലായോ? അതല്ല നിന്റെ ബുദ്ധികൊണ്ട് നമ്മെ ജയിക്കാനാണോ

നീ ഉദ്ദേശിക്കുന്നത്?

ശിഷ്യൻ :ഉസ്താദേ വിഷയം ബുദ്ധിയുടേയോ വിവര ക്കേടിന്റെയോ പ്രശ്നമല്ല. ഖുർആനിനെ ഒരു ശിശുവിന്റെ നിലവാരത്തിൽ നിന്നും മനസ്സി ലാക്കാൻ ശ്രമിക്കാതെ അതിലെ ഉന്നതമായ മൂല്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുക എന്നതാ ണ് നാം ഉദ്ദേശിക്കുന്നത്. ഉസ്താദേ ഈ ഭൂമുഖ ത്ത് എന്തെല്ലാം പ്രയോഗങ്ങളുണ്ട് . ഒരു യുദ്ധ ത്തിൽ തന്റെ വാളും കയ്യിൽ പിടിച്ചുകൊണ്ട് ശ ത്രുക്കളുടെ നേരെ ചാടിവീഴുന്ന ഒരു സിംഹത്തെ ഞാൻ കണ്ടു എന്നു പറഞ്ഞാൽ അതു സിംഹ മാണെന്ന് ആരെങ്കിലും വിചാരിക്കുമോ? അ തോ ധീരനായ മനുഷ്യനെന്നാണോ മനസ്സി ലാക്കുക? ഇവിടെ സിംഹമെന്ന പദമുണ്ട് എ ന്നു വിചാരിച്ച് സിംഹമാണെന്നു പറയാൻ കഴിയുമോ? അതുപോലെ ഏതുതരം ചോദ്യ ങ്ങൾക്കും ഉത്തരം പറയുന്ന ഒരു സമുദ്രത്തെ ഞാൻ കണ്ടു എന്നു പറഞ്ഞാൽ വെള്ളമുള്ള സമുദ്രമാണെന്നു ആരെങ്കിലും കരുതുമോ?

ഗുരു : ഇതെല്ലാം അറബിഭാഷയിലുള്ള പ്രയോഗങ്ങ ൾ തന്നെയാണ്. ആരും ഇതു നിഷേധിക്കുന്നു മില്ല.

ശിഷ്യൻ :അതെ, ഇവിടെ ബുദ്ധിയും വിവേകവും ഉണ്ട് എന്നതും, പ്രവർത്തിയിലെ ശരിയും തെറ്റും വിവേചിച്ച് മറ്റൊരാൾക്ക് പറഞ്ഞു കൊടുക്കു ന്നു എന്നതും ഹുദ്ഹുദ് എന്നത് പക്ഷിയല്ല മനുഷ്യനാണ് എന്നതിനുള്ള തെളിവല്ലേ ഉ സ്താദേ?മാത്രമല്ല പിശാചാണ് അവർക്ക് ഇ ത് ഭംഗിയാക്കി കൊടുത്തതെന്നും ആ പക്ഷി ശേഷം വിവരിക്കുന്നു.(27:24) തുടർന്നു അ ല്ലാഹു ആരാണെന്നു വിവരിക്കുന്നു" ആകാ ശങ്ങളിലുള്ളതും ഭൂമിയിലുള്ളതും മനുഷ്യർ പരോക്ഷമാക്കുന്നതും പ്രത്യക്ഷമായതുമെ ല്ലാം അറിയുന്നവനാണ് " അവനെന്നു വി വരിക്കുന്നു (27:25) പിന്നീട് 27:28 ൽ സു ലൈമാൻനബി വേദം കൊടുത്തയച്ച് അ തുകൊണ്ടുപോയി അവതരിപ്പിക്കാനും അ തിന്റെ മറുപടി എന്താണെന്നു നോക്കാ നും ഈ പക്ഷിയോടു കൽപിക്കുന്നു.മാത്ര മല്ല കുറ്റം ചെയ്യലും അതിന്റെ കാരണമാ യി ശിക്ഷിക്കലുമെല്ലാം ഒരു ജീവിയെ ചെയ്യേണ്ടതുണ്ടോ?(27:21) ഇച്ഛാശക്തിയും വിവേകവുമുള്ള മനുഷ്യൻ കുറ്റം ചെയ്യുമ്പോ ഴല്ലേ ശിക്ഷയുടെ ആവശ്യം വരുന്നൊള്ളൂ ഈ സാഹചര്യങ്ങളെല്ലാം ഇത് പക്ഷിയല്ല മനുഷ്യൻ തന്നെയാണ് എന്നുള്ളതിനു തെ ളിവല്ലേ എന്റെ ഉസ്താദേ?

ഗുരു ; കുട്ടീ, പൂർവ്വീകരായ സലഫുസ്സാലിഹീങ്ങളും മഹാന്മാരായ പണ്ഡിതന്മാരും പറഞ്ഞതിനു വിപരീതം ചിന്തിക്കുന്നതിൽനിന്നും നീ പി ന്തിരിയുക. പൈശാചിക മാലിന്യം അല്ലാഹു നിന്നിൽ നിന്നും നീക്കി തരികയും നിനക്കു സന്മാർഗം അവൻ തരികയും ചെയ്യട്ടെ.

ശിഷ്യൻ; ഉസ്താദേ, താങ്കൾ ഫറോവ മറുപടി പറഞ്ഞ തുപോലെയാണോ പറയുന്നത്? മൂസാ നബി യോട് ഫറോവ പറഞ്ഞത് "ഫമാബാലുൽ ഖുറൂനിൽ ഊലാ"അപ്പോൾ പൂർവ്വീകരുടെ അവസ്ഥയെന്താണ്? എന്നാണ്. അതിനു മൂസാ പറഞ്ഞത് അവരുടെ അറിവ് എന്റെ രക്ഷിതാവിന്റെ അടുക്കൽ ഗ്രന്ഥത്തിലുണ്ട്. അവനു പിഴക്കുകയുമില്ല,അവൻ മറക്കുകയുമി ല്ല ( ഇ ൽമുഹാ ഇൻദ റബ്ബീ ഫീ കിതാബിൻ ലാ യളില്ലു റബ്ബീ വല് യൻസാ)

ഗുരു : നിന്റെ അറിവ് മറ്റുള്ളവരുടെ മേൽ അടിച്ചേ ൽപിക്കാനുള്ള ശ്രമമാണോ?

ശിഷ്യൻ: അല്ല. എല്ലാവർക്കും ഖുർആൻ ചിന്തിക്കാ നും മനസ്സിലാക്കാനും അവകാശമുണ്ടെന്നു താങ്കൾ മനസ്സിലാക്കുക.ഇത് ജയത്തിന്റേ യോ തോൽവിയുടേയോ പ്രശ്നമല്ല. സത്യം അംഗീകരിക്കുക. അതാണ് പ്രധാനം.

ഗുരു : നീ ഞങ്ങളുടെ സദസ്സിൽ നിന്നും എണീറ്റു പോടോ. പക്ഷി, ബുദ്ധിയും വിവേകവുമുള്ള പ ക്ഷി തന്നെയാണ്. നിനക്കു സർവ്വനാശവും!!

ഇത് ഒരു ശരാശരി സാമ്പ്രദായിക മതപുരോഹി തരുടെ അവസ്ഥയാണ്. ബുദ്ധിയോ ചിന്തയോ ഉപ യോഗിക്കാനേ പാടില്ല. ചിന്തിക്കാൻ പാടില്ലാത്ത ഒരു രംഗമാണ് ഇന്നത്തെ മതങ്ങൾ. അതുകൊണ്ട് തന്നെ അന്ധരായ മതവിശ്വാസികളിൽ നിന്നും ഭൂമിയിൽ ഒ രു പുരോഗതിയും ഉണ്ടായിട്ടുമില്ല. അന്ധമായ മതവി ശ്വാസത്തിൽ നിന്നും മുക്തമായ രാജ്യങ്ങളിലും വ്യ ക്തികളിലും മാത്രമെ എന്തെങ്കിലും പുരോഗതിയുണ്ടാ യിട്ടുള്ളൂ.